"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ -അന്യത്ര സേവന വ്യവസ്ഥയിൽ, പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി കവിത ജി.യുടെ സേവന കാലാവധി ദീർഘിപ്പിച്ചും, അന്യത്രസേവനം വകുപ്പ് മാറി അനുവദിച്ച ഉത്തരവിന് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.71/2025/F&CS തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-

1. 05/12/1990-ലെ 15618/Adv.C1/1990/P&ARD നമ്പർ സർക്കുലർ
2. 10/05/2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
3. 14/06/2002-ലെ 8239/Adv.C1/2002/P&ARD നമ്പർ സർക്കുലർ
4. 01/02/2023-ലെ സ.ഉ. (സാധാ) നം. 108/2023/AGRI നമ്പർ ഉത്തരവ്.
5. 02/03/2023-ലെ സ.ഉ. (സാധാ) നം. 93/2023/F&CS നമ്പർ ഉത്തരവ്.
6. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)യുടെ 02/03/2024 തീയതിയിലെ KSCSC/3070/2024-D1(ADMN) നമ്പർ കത്ത്
7. 25/03/2024-തീയതിയിലെ കൃഷി-ഇഎ1/63/2024 നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ അന്യത്രസേവന വ്യവസ്ഥ പ്രകാരം സേവനമനുഷ്ഠിക്കുന്ന ശ്രീമതി കവിത. ജി യുടെ അന്യത്രസേവന കാലാവധി 22/02/2024 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) പ്രകാരം സപ്ലൈകോ സി എം ഡി സമർപ്പിച്ച ശിപാർശയുടെയും പരാമർശം (7) പ്രകാരമുള്ള നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥയുടെ അന്യത്രസേവന കാലാവധി പ്രസ്തുത തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

2.പരാമർശം (1) ലെ വ്യവസ്ഥകൾ പ്രകാരം അന്യത്രസേവനം അനുവദിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടത് **Borrowing** വകുപ്പാണെന്നിരിക്കെ, **Lending** വകുപ്പായ കൃഷി വകുപ്പ് പരാമർശം (4) പ്രകാരം സപ്ലൈകോയിലെ അന്യത്ര സേവന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. എന്നിരുന്നാലും ഭാവിയിൽ ഇപ്രകാരമുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത പാലിക്കണമെന്ന നിർദ്ദേശത്തോടെ ആയത് സാധൂകരിച്ചും, ഇതേ വിഷയത്തിൽ ഭക്ഷ്യ

പൊതുവിതരണ വകുപ്പ് പരാമർശം (5) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ് :-

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സപ്ലൈക്കോ സിഎംഡി മുഖാന്തരം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.
കൃഷി വകുപ്പ് (നം. AGRI-EA1/63/2024-AGRI , തീയതി 25/03/2024)
ധനകാര്യ വകുപ്പ് (No.2811564/Agri-A1/150/2024-FIN, തീയതി 14/11/2024)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
02/03/2023-ലെ സ.ഉ. (സാധാ) നം. 93/2023/F&CS നമ്പർ ഉത്തരവ് (ഫയൽ - FCSD-C3/115/2022-FCSD)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I. S
സെക്ഷൻ ഓഫീസർ
Date: 19-03-2025 17:00:51